പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2808

12.10.2011-ൽ മറുപടിയ്ക്ക്

# ഗ്രാമീണ മേഖലയിൽ പുതിയ റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ്<br>,, പി. എ. മാധവൻ<br>,, പാലോട് രവി<br>,, ഹൈബി ഈഡൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ. | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ പുതിയ റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | എ. | ഉണ്ട്. ഇതനുസരിച്ച് 2011-2012 സാമ്പത്തിക വർഷം എട്ടാം ഘട്ടമായി 1200 കി.മി. ദൈർഘ്യം വരുന്ന 700 കോടി രൂപയുടെ പദ്ധതികളും 2012-13 സാമ്പത്തിക വർഷം 1750 കി.മി. ദൈർഘ്യം വരുന്ന 1000 കോടി രൂപയുടെ പദ്ധതികളും സമർപ്പിക്കുന്നതിനുള്ള അനുവാദവും ആവശ്യപ്പെട്ടിട്ടുണ്ട്, |
| ബി. | എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; | ബി. | ജില്ലാ പഞ്ചായത്തും ജില്ല ആസൂത്രണ സമിതിയും അംഗീകരിച്ച് നൽകുന്ന കോർ നെറ്റ് വർക്കിലെ യോഗ്യമായ റോഡുകളെല്ലാം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി. | ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം ; | സി. | 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതിയാണിത്. |
| ഡി. | ഇതു സംബന്ധിച്ച് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ ; | ഡി. | സംസ്ഥനത്തിന് അനുവദിച്ച പദ്ധതികൾ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവായതു കാരണം നിബന്ധനകളിൽ അയവു വരുത്തി പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ. | ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താണ് ? | ഇ. | പദ്ധതി നടത്തിപ്പിലെ പ്രധാനപ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ.